# പീപ്പിൾസ് ഫൗണ്ടേഷൻ

## പ്രവർത്തന റിപ്പോർട്ട് | 2021 ഏപ്രിൽ - 2022 മാർച്ച്

PEOPLE'S FOUNDATION

മാറ്റത്തിന് കൂട്ടായ്മയുടെ അടിത്തറ

peoplesfoundation.org

Let’s transform the lives..



# ഉള്ളടക്കം


ചെയർമാൻ നോട്ട്
സെക്രട്ടറി നോട്ട്
പീപ്പിൾസ് സ്റ്റാർട്ടപ്
ക്രിയേറ്റ് കാപ്
പീപ്പിൾസ് ഹോം
പീപ്പിൾസ് വില്ലേജ്
പീപ്പിൾസ് ലാൻഡ് ബാങ്ക്
പീപ്പിൾസ് ഇൻഫോ
പീപ്പിൾസ് എജു സപ്പോർട്ട്
പീപ്പിൾസ് ഹെൽത്ത്
കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാം
പീപ്പിൾസ് ഇനീഷ്യേറ്റീവ്
കോവിഡ് -19
സീസണൽ പ്രോജക്റ്റ്
പീപ്പിൾസ് പാലിയേറ്റീവ്
ഡി അഡിക്ഷൻ സെന്റർ
ഇന്റേൺഷിപ്പ്
ആശ്വാസ് കൗൺസലിങ്
ഡ്രിങ്കിങ് വാട്ടർ പ്രൊജക്റ്റ്
സ്നേഹസ്പർശം
ഇൻഫാഖ്
മാനവ്
ബൈത്തുസ്സകാത്ത് കേരള



ഒന്നിച്ചു നാം മുന്നോട്ട്

നിങ്ങളുടെ കണ്ണീരിന് തണുപ്പാണോ? അതെയെന്നാണ് തീർച്ചയായും ഉത്തരം. ആത്മഹർഷത്തിന്റെ ആനന്ദക്കണ്ണീർ നിങ്ങളുടെ അകതാരിൽ കുളിരു ചൊരിയുന്ന അപൂർവാനുഭവമായിരിക്കും. ജീവിത പ്രതിസന്ധിയുടെ അത്യുഷ്ണം നേരിടുന്ന മനുഷ്യർക്ക് ആശ്വാസത്തിന്റെ തണലൊരുക്കുമ്പോഴാണ് നിങ്ങൾക്കത് മനസ്സിലാവുക. പീപ്പിൾസ് ഫൗണ്ടേഷനുമായി ചേർന്ന് നിൽക്കുമ്പോൾ നിങ്ങൾക്കോരോരുത്തർക്കും അത് തൊട്ടറിയാനാവും. പ്രതീക്ഷകൾ ചിറകറ്റ് വീണ തെരുവുകളിൽ നിന്ന് അനേകം ചിറകുള്ള സ്വപ്നങ്ങളുമായി പീപ്പിൾസ് വില്ലേജുകളിൽ താമസിക്കുന്ന മനുഷ്യരുടെ കളങ്കമില്ലാത്ത ചിരിയിൽ നിങ്ങളത് അനുഭവിക്കും.

ജീവിതം തിരിച്ചു കിട്ടിയ പേരമകളെ ആശുപത്രി കിടക്കയിൽ മാറോട് ചേർത്ത് വെച്ച അമ്മൂമ്മയുടെ നിറകൺകാഴ്ച ആരിലാണ് രോമാഞ്ചമുണ്ടാക്കാതിരിക്കുക. ജോലിയും വരുമാനവും ഉണ്ടായപ്പോൾ ആത്മാഭിമാനത്തിന്റെ തലയെടുപ്പോടെ നിൽക്കുന്ന ചെറുപ്പക്കാരുടെ ചെറുതല്ലാത്ത കൂട്ടങ്ങൾ. ആഗ്രഹിച്ച കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടി, ദുഷ്കരമെന്ന് കരുതിയ പാതകൾ താണ്ടിക്കടന്ന് ആശ്വാസതീരത്തണഞ്ഞ വിദ്യാർഥി കൂട്ടങ്ങൾ. ഇവരിലൊക്കെ തണുപ്പുള്ള കണ്ണീരിന്റെ നനവ് പടർത്താൻ പീപ്പിൾസ് ഫൗണ്ടേഷന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷം പീപ്പിൾസ് ഫൗണ്ടേഷൻ ചെയ്ത പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കമാണ് ഇനിയുള്ള പേജുകളിൽ. മലയാളിയുടെ നന്മ മനസ്സ് ഞങ്ങളോട് ചേർന്ന് നിന്നത് കൊണ്ടാണ് ഞങ്ങൾക്കിത് കഴിഞ്ഞത്. ഇനിയും നിങ്ങൾ ഞങ്ങളോടൊപ്പമുണ്ടാവണം. പീപ്പിൾസ് ഫൗണ്ടേഷന്റെ കൂടെയുള്ള യാത്രയിലെ സന്തോഷാനുഭവങ്ങൾ നിങ്ങൾ സുഹൃത്തുക്കളുമായി പങ്കുവെക്കണം. നമുക്കിനിയും ഒരുപാടു ദൂരം സഞ്ചരിക്കാനുണ്ട്... അകലെ പ്രതീക്ഷയുടെ ചക്രവാള സീമകൾ വരെ. നിറഞ്ഞ പ്രതീക്ഷയോടെ നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാം. സുമനസ്സുകളുടെ സഹകരണത്തിലും ദൈവിക സഹായത്തിലും പ്രതീക്ഷയർപ്പിച്ച് കൊണ്ട്.

**എം.കെ മുഹമ്മദലി**
ചെയർമാൻ, പീപ്പിൾസ് ഫൗണ്ടേഷൻ



പീപ്പിൾസ് ഫൗണ്ടേഷന്റെയും അനുബന്ധ എൻ.ജി.ഒ കളുടെയും 2021-22 വർഷത്തെ
പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.
കോവിഡ്-19 മഹാമാരിയുടെ ഗുരുതരവും മാരകവുമായ തരംഗത്തെ
അഭിമുഖീകരിക്കേണ്ടി വന്ന വർഷമായിരുന്നു 2021-22. ഈ പ്രതിസന്ധിഘട്ടത്തിൽ പ്രതി
രോധ പ്രവർത്തനങ്ങളോടൊപ്പം ഫലപ്രദമായ ചികിത്സ സംവിധാനങ്ങളൊരുക്കാനും
നിർധന കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും കഴിഞ്ഞു. കോവിഡ് ബെഡ്
പദ്ധതിയിൽ മൂന്നു ആശുപത്രികളിൽ അടിസ്ഥാന സൗകര്യം വർധിപ്പിച്ച് കൂടുതൽ
പേർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ സാഹചര്യമൊരുക്കി. കോവിഡ് ബാധിച്ചു
മരണപ്പെട്ട പ്രവാസികളുടെ നിർധന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ
ആവിഷ്കരിച്ച പ്രവാസി സുരക്ഷ പദ്ധതിയിൽ 59 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ
കഴിഞ്ഞുവെന്നത് സന്തോഷകരമാണ്.

പീപ്പിൾസ് ഫൗണ്ടേഷന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം എന്ന് പറയാവുന്ന ഭവന നിർമാണ
പദ്ധതിയിൽ നിർണായക നേട്ടം കൈവരിക്കാനും കഴിഞ്ഞ വർഷം സാധിച്ചു. 1500
വീടുകൾ എന്ന ലക്ഷ്യത്തിൽ ആയിരം വീട് പൂർത്തിയാക്കാൻ കഴിഞ്ഞു. അടുത്ത
അഞ്ചു വർഷത്തിനുള്ളിൽ അഞ്ഞൂറ് വീടുകൾ കൂടി നിർമിക്കുകയെന്ന ലക്ഷ്യം
പൂർത്തീകരിക്കാനാണ് ആഗ്രഹിക്കുന്നത്. പ്രളയ പുനരധിവാസ പദ്ധതികൾ
ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞു. 2018 ലെ പദ്ധതികൾ മുഴുവൻ പൂർത്തിയായി.
2019 ലെ മിക്ക പദ്ധതികളും പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി.
2021 ൽ ഉണ്ടായ പ്രളയത്തിൽ പ്രയാസപ്പെട്ടവരെ പുനരധിവസിപ്പിക്കാനും
പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ
ഫൗണ്ടേഷൻ പുതുതായി ആരംഭിച്ച പദ്ധതിയാണ് പീപ്പിൾസ് ഫെലോഷിപ്പ്.
ഡി അഡിക്ഷൻ സെന്റർ സ്ഥാപിക്കാനുള്ള തീരുമാനം നടപ്പാക്കാൻ ഫലപ്രദമായ
ചുവടുകൾ വെക്കാനും കഴിഞ്ഞ വർഷം സാധിക്കുകയുണ്ടായി. പീപ്പിൾസ്
ഫൗണ്ടേഷൻ ആവിഷ്കരിച്ച മറ്റു പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും കഴിഞ്ഞു.

2022-23 പീപ്പിൾസ് ഫൗണ്ടേഷൻ പത്താം വാർഷികം ആചരിക്കുന്ന വർഷം കൂടിയാണ്.
വൈവിധ്യമായ പദ്ധതികൾ ആവിഷ്കരിച്ചു ദശവാർഷികം വിപുലമായി
ആഘോഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സാമൂഹ്യ പ്രതിബദ്ധതയുള്ള
വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പിന്തുണയാണ് ഫൗണ്ടേഷന്റെ കരുത്ത്.
പീപ്പിൾസ് ഫൗണ്ടേഷന് നൽകിയ പിന്തുണ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും സഹ
കരണം പ്രതീക്ഷിക്കുന്നു.

**എം. അബ്ദുൽ മജീദ്**
സെക്രട്ടറി, പീപ്പിൾസ് ഫൗണ്ടേഷൻ

## VISION

To create a society where every person has the means and accessibility to realize their full potential.

## MISSION

We aim to support the growth of our society and be instrumental in creating an equitable world by bridging resource-gaps and empowering people with the right knowledge, mentorship and assets.

## VALUES

# Respect for human lives
# Commitment
# Integrity
# Excellence
# Fairness

# Associated Institutions

بيت الزكاة كيرلا

ബൈത്തുസ്സകാത്ത് കേരള

BAITHUZZAKATH KERALA

INFACC

SUSTAINABLE DEVELOPMENT SOCIETY

MANAV मानव

MIGRANT WELFARE FOUNDATION

## Structure of Organization

Board of Trustee

↓

Executive Committee

↓

Chairman

↓

Secretary

↓

Executive Director

↓

Project Directors

Office assistants — Project coordinators

## Structure of Operation

State Office

District Coordinators

Area Coordinators

Local Coordinators

* District Coordinators: 14 | Area Coordinators: 159 | Local Coordinators: 1557

# Our Projects

COMMUNITY EMPOWERMENT

PEOPLE'S HEALTH

PEOPLE'S STARTUP

PEOPLE'S INFO

PEOPLE'S HOME

PEOPLE S, DRINKING WATER

PEOPLE'S EDU SUPPORT

ASWAS COUNSELLING

PEOPLE'S INITIATIVE

DE-ADDICTION CENTRE




PEOPLE'S
STARTUP






**പീപ്പിൾസ് സ്റ്റാർട്ട് അപ്പ്**

മികച്ച സംരംഭകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചതാണ് പീപ്പിൾസ് സ്റ്റാർട്ടപ്പ് പദ്ധതി. സർക്കാർ - സർക്കാറേതര സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും കൺസൽട്ടൻസി സേവനങ്ങളും പദ്ധതിയുടെ ഭാഗമായി നൽകി വരുന്നു.

## കൺസൽട്ടൻസി സർവീസ്

സംരംഭകർക്ക് ബിസിനസ്സ് ഡവലപ്മെന്റ്, പ്രോബ്ളം സോൾവിങ്, നൂതന ആശയങ്ങൾ, ഫിനാൻസ് മാനേജ്മന്റ്, ഓർഗനൈസേഷൻ സ്ട്രക്ച്ചർ തുടങ്ങിയ വിവിധ വിഷയങ്ങളിൽ കൺസൽട്ടൻസി സേവനങ്ങൾ നൽകി വരുന്നു.



**കൺസൽട്ടൻസി സർവീസ് നൽകിയത്** | **123** വ്യക്തികൾക്ക്



## ഹാൻഡ് ഹോൾഡിംഗ് സർവീസ്

സംരംഭകർ അഭിമുഖീകരിക്കുന്ന വ്യത്യസ്ത ആവശ്യങ്ങളായ പ്രൊജക്റ്റ് റിപ്പോർട്ട്, ബിസിനസ്സ് വാല്യുവേഷൻ, അപ്രൈസൽ, ഫിനാൻഷ്യൽ മാനേജ്മന്റ്, ഗവൺമെന്റ് സ്കീംസ് തുടങ്ങി തുടർച്ചയായി ലഭിക്കേണ്ട സേവനങ്ങൾ നൽകുന്നതാണ് ഹാൻഡ് ഹോൾഡിംഗ് സർവീസ്.

**ഹാൻഡ് ഹോൾഡിംഗ് സർവീസിലൂടെ ആരംഭിച്ച സംരംഭങ്ങൾ** | **28** സംരംഭങ്ങൾ

ആകെ നിക്ഷേപം **2.01** കോടി രൂപ

തൊഴിൽ അവസരങ്ങൾ **93** പേർക്ക്

# EDP Entrepreneurship Development Programme

കേന്ദ്ര സർക്കാർ സ്ഥാപനമായ National Institute of Technology - Technology Business Incubator, Calicut (NIT- TBI) യുമായിസഹകരിച്ച് സംഘടിപ്പിക്കുന്ന നാല്/ആറ് ആഴ്ച നീണ്ടുനിൽക്കുന്ന സംരംഭകത്വ പരിശീലന കോഴ്സാണ് EDP (എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം)




കോഴ്സുകളുടെ എണ്ണം
**02**

പങ്കെടുത്തവർ
**61**

**25** സംരംഭം തുടങ്ങിയവർ

നിക്ഷേപം
**2.42** കോടി രൂപ

തൊഴിൽ അവസരങ്ങൾ
**78**

## 05 സംരംഭകർക്ക് വേണ്ട നൈപുണ്യ വികസനം ലക്ഷ്യമാക്കി സംഘടിപ്പിച്ച സ്കിൽ ഡവലപ്മെന്റ് പരിശീലനം



പങ്കെടുത്തവർ
**283**

ആകെ നിക്ഷേപം
**65** ലക്ഷം രൂപ

സംരംഭം ആരംഭിച്ചവർ
**23**

തൊഴിൽ ലഭിച്ചവർ
**41**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംരംഭകത്വ ശേഷിയുള്ള വ്യക്തികൾക്കും കൂട്ടായ്മകൾക്കും ആവശ്യമായ പരിശീലനവും ഗൈഡൻസും സാമ്പത്തിക പിന്തുണയും നൽകുന്ന പദ്ധതിയാണ് **പീപ്പ്ൾസ് എൻട്രപ്രണർഷിപ്പ് സപ്പോർട്ട് സ്കീം**



സഹായം ലഭിച്ചവർ
**58**

ആകെ നിക്ഷേപം
**1.87** കോടി രൂപ

ആകെ തൊഴിൽ ലഭിച്ചത്
**100** പേർക്ക്

## നബാർഡുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതികൾ

**LEDP**
Livelihood and Enterprise Development Programme

കേന്ദ്ര സർക്കാർ സ്ഥാപനമായ നബാർഡ്, ഗ്രാമീണമേഖലയിൽ സംരംഭകത്വ താൽപര്യമുള്ളവർക്ക് വിവിധ കാർഷിക/കാർഷികേതര സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്ന പരിശീലനവും അനുബന്ധ സേവനങ്ങളും ഉൾപ്പെടുന്നതാണ് **LEDP**

സംയോജിത കൃഷി (മൃഗ സംരക്ഷണം) ലാഭകരമായ രീതിയിൽ നടപ്പാക്കാൻ സംരംഭകരെ പര്യാപ്തരാക്കുന്ന പരിശീലനവും തുടർ സേവനങ്ങളും അടങ്ങിയ വിപുലമായ പദ്ധതിയാണ് പീപ്പിൾസ് ഫൗണ്ടേഷൻ എൽ.ഇ.ഡി.പിയുടെ ഭാഗമായി തെരഞ്ഞെടുത്തത്.

പങ്കെടുത്തവർ
**63**

സംരംഭം ആരംഭിച്ചവർ
**37**

നിക്ഷേപം
**73** ലക്ഷം

തൊഴിൽ ലഭിച്ചത്
**57** പേർക്ക്







**MEDP**
Micro Enterprise Development Programme

കേന്ദ്ര സർക്കാർ സ്ഥാപനമായ നബാർഡ്, ഗ്രാമീണമേഖലയിൽ സംരംഭകത്വ താൽപര്യമുള്ളവർക്ക് വിവിധ സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്ന പരിശീലനവും അനുബന്ധ സേവനങ്ങളും ഉൾപ്പെടുന്നതാണ് **MEDP**

ഭക്ഷ്യ സംസ്കരണം (ബേക്കിങ്/നോൺ ബേക്കിങ്) കേന്ദ്രീകരിച്ചുള്ള സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ ലാഭകരമായ രീതിയിൽ നടപ്പാക്കാൻ സംരംഭകരെ പര്യാപ്തരാക്കുന്ന പരിശീലനവും തുടർ സേവനങ്ങളും അടങ്ങിയ വിപുലമായ പദ്ധതിയാണ് പീപ്പിൾസ് ഫൗണ്ടേഷൻ എം.ഇ.ഡി.പിയുടെ ഭാഗമായി തെരഞ്ഞെടുത്തത്.

പങ്കെടുത്തവർ
**29**

സംരംഭം ആരംഭിച്ചവർ
**11**

നിക്ഷേപം
**10** ലക്ഷം

തൊഴിൽ ലഭിച്ചത്
**19** പേർക്ക്



# പ്രവാസി
# സ്റ്റാർട്ടപ് പ്രൊജക്റ്റ്

വിദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കെ തന്നെ പ്രവാസം അവസാനിപ്പിച്ചോ അല്ലാതെയോ നാട്ടിൽ സംരഭം തുടങ്ങാൻ തീരുമാനമെടുത്തവർക്ക് ബിസിനസ്സ് ആശയവും ഗൈഡൻസും ആവശ്യമായ പരിശീലവും ഹാൻഡ് ഹോൾഡിംഗ് സേവനങ്ങളും നൽകുന്ന പദ്ധതിയാണ് **പ്രവാസി സ്റ്റാർട്ടപ് പ്രൊജക്റ്റ്**

സേവനം ലഭിച്ചവർ
**06**

ആരംഭിച്ച സ്ഥാപനങ്ങൾ
**02**

നിക്ഷേപം
**50**
ലക്ഷം രൂപ

തൊഴിൽ ലഭിച്ചത്
**06**





## ചർച്ച സംഗമങ്ങൾ

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ആയ ക്ലബ്ബ് ഹൗസിൽ വിവിധ സംരംഭകത്വ മേഖലകളെ കുറിച്ച് വിദഗ്ധ പാനലുകൾ രൂപീകരിച്ച് ചർച്ച സംഗമങ്ങൾ സംഘടിപ്പിച്ചു.

നടന്ന ചർച്ചകളുടെ എണ്ണം
**13**

- സംരംഭകത്വ ക്ലിനിക് (പ്രോബ്ളംസ് & സൊല്യൂഷൻസ് )
- ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FPO)
- വനിതാ സംരംഭകത്വം
- ഭക്ഷ്യസംസ്കരണ മേഖലയിലെ സാധ്യതകൾ
- ഫാം ടൂറിസം
- മാലിന്യ സംസ്കരണം
- ഡയറി ഫാമിംഗ്






createcap
SERVICE CONSULTING LLP

## Ceatecap Service Consulting LLP ആരംഭിച്ചു.

സംരംഭങ്ങളെ മികച്ച നിലവാരത്തിലേക്ക് വളർത്തിയെടുക്കുന്നതിനുവേണ്ടിയും നിക്ഷേപകരേയും സംരംഭകരേയും ബന്ധിപ്പിക്കുന്നതിനുവണ്ടിയാണ് createcap service consulting LLP രൂപീകരിച്ചത്. പദ്ധതിയുടെയും സ്ഥാപനത്തിന്റെയും ഔദ്യോഗിക ഉദ്ഘാടനം 2021 സെപ്തംബർ 22 ന് കോഴിക്കോട് സൈബർ പാർക്കിൽ വെച്ച് നടന്നു.




## കൺസൽട്ടൻസി സർവീസ്

പ്രൊജക്റ്റുകളുടെ സ്കൈൽ അപിനുവേണ്ടിയുള്ള സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുത്തു.

പ്രവാസി സ്റ്റാർട്ടപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നാലു സംരംഭങ്ങൾക്ക് കൺസൽട്ടൻസി സേവനം നൽകി വരുന്നു. ഒരു സ്ഥാപനം ആരംഭിച്ചു. മുപ്പതു ലക്ഷം രൂപയുടെ നിക്ഷേപം. മൂന്നു പേർക്ക് തൊഴിൽ നൽകി.





## പീപ്പിൾസ് സ്റ്റാർട്ടപ് പദ്ധതിയുടെ ഭാഗമായി ഈവർഷം പുതുതായി ആരംഭിച്ച യൂണിറ്റുകൾ

പുതിയ യൂണിറ്റുകൾ
**184**

ആകെ നിക്ഷേപം
**8.28** കോടി രൂപ


തൊഴിൽ ലഭിച്ചവർ
**394**

PEOPLE'S
HOME













ഭവന നിർമാണ മേഖലയിൽ പീപ്പിൾസ് ഫൗണ്ടേഷൻ ആവിഷ്കരിച്ച പദ്ധതിയാണ് പീപ്പിൾസ് ഹോം. 1500 വീടുകൾ ലക്ഷ്യമിട്ട് 2016 ൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം ആയിരം വീടുകൾ ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞു. ഗുണഭോക്താവിന്റെ സാമ്പത്തിക ശേഷിയും പ്രാദേശിക സന്നദ്ധ സംഘടനകളുടെ സഹകരണത്തിന്റെ തോതും വിലയിരുത്തി ഭാഗികമായോ പൂർണമായോ സഹായം നൽകിയാണ് വീടുകൾ നിർമിക്കുന്നത്. 535 ചതുരശ്ര അടിതറ വിസ്തീർണമുള്ള വീടുകളാണ് നിർമിക്കുക. ഗുണഭോക്താവിന്റെ സ്വന്തം സ്ഥലത്തോ ഭൂരഹിത കുടുംബങ്ങൾക്ക് പീപ്പിൾസ് ഫൗണ്ടേഷൻ കണ്ടെത്തുന്ന സ്ഥലത്തോ മറ്റു സന്നദ്ധ സംഘടനകളോ വ്യക്തികളോ നൽകുന്ന സ്ഥലത്തോ ആയിരിക്കും വീടുകൾ നിർമിക്കുക.

# പീപ്പിൾസ് ഹോം/മറ്റു ഭവന പദ്ധതികൾ

വിവിധ ജില്ലകളിലായി
**81**
ഭവനം

അനുവദിച്ച തുക
**263.43**
ലക്ഷം രൂപ

| പദ്ധതി | എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| പീപ്പിൾസ് ഹോം | 69 | 214.25 |
| തണലൊരുക്കാം ആശ്വാസമേകാം | 03 | 15.00 |
| പ്രളയ പുനരധിവാസ പദ്ധതി | 08 | 27.50 |
| സ്നേഹസ്പർശം | 01 | 06.68 |
| **ആകെ** | **81** | **263.43** |




**പീപ്പിൾസ് ഹോം ജില്ലാടിസ്ഥാനത്തിൽ**

| | |
|---|---|
| കാസർഗോഡ് | 01 |
| കണ്ണൂർ | 05 |
| വയനാട് | 01 |
| കോഴിക്കോട് | 08 |
| മലപ്പുറം | 22 |
| തൃശ്ശൂർ | 03 |
| പാലക്കാട് | 03 |
| എറണാകുളം | 07 |
| ഇടുക്കി | 03 |
| ആലപ്പുഴ | 04 |
| കോട്ടയം | 04 |
| പത്തനംതിട്ട | 01 |
| കൊല്ലം | 05 |
| തിരുവനന്തപുരം | 02 |

**ആകെ ഗുണഭോക്താക്കൾ : 420**



# People’s Village



## പീപ്പിൾസ് വില്ലേജ്

പീപ്പിൾസ് ഫൗണ്ടേഷന് ധാനമായി ലഭിച്ച ഭൂമി ഉപയോഗപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുബന്ധ സൗകര്യങ്ങളും സംവിധാനിച്ച് നൽകുന്ന പദ്ധതിയാണ് പീപ്പിൾസ് വില്ലേജ്.

| | |
|---|---|
| 2021-22ൽ | 10 പീപ്പിൾസ് വില്ലേജുകൾ |
| ആകെ വീടുകൾ | 43 |
| വീട് നിർമ്മാണത്തിന് സഹായിച്ച മറ്റു ഏജൻസി | ബൈത്തുസ്സകാത്ത് കേരള |
| ഒരുവീടിന് അനുവദിച്ച തുക | 3.5 ലക്ഷം രൂപ |
| നിർമ്മാണത്തിന് ഗുണഭോക്തൃവിഹിതം | 3.5 ലക്ഷം രൂപ |
| ആകെ ഒരു വീടിന്റെ നിർമ്മാണചെലവ് | 6.5 - 7 ലക്ഷം രൂപ |
| വീടിന്റെ വിസ്തീർണ്ണം | 535 സ്ക്വയർ ഫീറ്റ് |

| ജില്ല | സ്ഥലം | എണ്ണം |
|---|---|---|
| വയനാട് | മീനങ്ങാടി | 06 |
| കണ്ണൂർ | ശ്രീകണ്ഠാപുരം | 11 |
| മലപ്പുറം | ചാത്തമുണ്ട | 27 |
| മലപ്പുറം | കരുവാരക്കുണ്ട് | 06 |
| മലപ്പുറം | തൃക്കളയൂർ | 06 |

| | |
|---|---|
| പീപ്പിൾസ് ഫൗണ്ടേഷൻ ഇതുവരെ പൂർത്തിയാക്കിയ പീപ്പിൾസ് വില്ലേജുകൾ | 19 |
| ആകെ വീടുകൾ | 201 |
| നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പീപ്പിൾസ് വില്ലേജുകൾ | 12 |

# People’s Land Bank

പീപ്പിൾസ് ഫൗണ്ടേഷന്റെ വിവിധ പദ്ധതികൾക്കുവേണ്ടി വ്യക്തികൾ നൽകിയ ഭൂമികളാണ് പീപ്പിൾസ് ലാന്റ് ബാങ്കിൽ ഉൾപ്പെടുന്നത്. വിവിധ ജില്ലകളിലായി പതിനേഴ് പ്രദേശങ്ങളിലാണ് ഭൂമിയുള്ളത്.

ആകെ ഭൂമിയുടെ വിസ്തീർണ്ണം **34.10** ഏക്കർ

ഉപയോഗപ്പെടുത്തിയ ഭൂമി **24.10** ഏക്കർ

ഉപയോഗിക്കാൻ ബാക്കിയുള്ള ഭൂമി: **10** ഏക്കർ




PEOPLE'S
FOUNDATION
PEOPLE'S
INFO

## പീപ്പിൾസ് ഇൻഫോ

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രയോജനപ്പെടുത്താൻ ആവശ്യമായ മാർഗ നിർദേശങ്ങളും സാങ്കേതിക സഹായവും നൽകുന്ന പദ്ധതിയാണ് പീപ്പിൾസ് ഇൻഫോ.

വിവിധ മേഖലകളിൽ സേവനം ലഭിച്ച ഗുണഭോക്താക്കൾ

തൊഴിൽ
**232**

സർക്കാർ പദ്ധതികൾ
**124**

സർക്കാരേതര പദ്ധതികൾ
**85**



### വിദ്യാഭ്യാസ ഗൈഡൻസ്

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗൈഡൻസ് നൽകിയ വിദ്യാർത്ഥികൾ

**117**





PEOPLE'S
EDU SUPPORT

## സ്കോളർഷിപ്പ്

വിദ്യാഭ്യാസ പുരോഗതിയിലൂടെ സാമൂഹിക മാറ്റം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് പീപ്പിൾസ് സ്കേളർഷിപ്പ്. ഹയർസെക്കന്ററി മുതൽ പി.എച്ച്.ഡി വരെ മീഡിയ, ലോ, മാനേജ്മെന്റ്, സോഷ്യൽ സയൻസ്, പ്യുവർ സയൻസ് തുടങ്ങിയ മേഖലകളിലാണ് സ്കോളർഷിപ് നൽകി വരുന്നത്.






സ്കോളർഷിപ്പ് നൽകിയ
വിദ്യാർഥികളുടെ എണ്ണം

**167**

സ്കോളർഷിപ്പുമായി സഹകരിക്കുന്ന
വിദ്യഭ്യാസ സ്ഥാപനങ്ങൾ:

കിംസ് അൽശിഫ ആശുപത്രി, പെരിന്തൽമണ്ണ
(നഴ്സിങ് കോളജ്)

ശാന്തി ഹോസ്പിറ്റൽ, ഓമശ്ശേരി
(നഴ്സിങ് കോളജ്)

അനുവദിച്ച
തുക

**50.58** ലക്ഷം രൂപ



## പീപ്പിൾസ് ഫെലോഷിപ്പ്

ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശിക്കുന്ന വിദ്യാർഥികൾക്ക് കൃത്യമായ ഓറിയന്റേഷൻ നൽകി കോഴ്‌സുകളും, രാജ്യത്തെ മികച്ച സ്ഥാപനങ്ങളും തിരഞ്ഞെടുക്കാൻ അവസരം സൃഷ്ടിക്കുകയാണ് പീപ്പിൾസ് ഫെലോഷിപ്പ് പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നത്. ടാലന്റ് എക്സാമിലൂടെ തെരഞ്ഞെടുക്കുന്ന വിദ്യാർഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.






ഫെലോഷിപ്പ് ടാലന്റ് എക്സാം സംഘടിപ്പിച്ച പരീക്ഷാ സെന്ററുകൾ

**12**

എക്സാം അറ്റന്റ് ചെയ്ത വിദ്യാർഥികൾ

**354**



ഫെലോഷിപ്പ് രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം

**150**




ഫെലോഷിപ്പ് ഓറിയന്റേഷൻക്യാമ്പിൽ പങ്കെടുത്തവർ

**115**

PEOPLE
HEALTH



# പീപ്പിൾസ് ഹെൽത്ത് & ഇൻഫെർമേഷൻ

രോഗികൾക്ക് ആവശ്യമായ വ്യത്യസ്ത ചികിത്സകളെ കുറിച്ചും ആശുപത്രികളെ കുറിച്ചുമുള്ള ഇൻഫെർമേഷൻ നൽകുന്നതാണ് പീപ്പിൾസ് ഹെൽത്ത് & ഇൻഫർമേഷൻ സംവിധാനം. എത്തിക്കൽ മെഡിക്കൽ ഫോറവുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

സേവനം ലഭ്യമാക്കിയ രോഗികൾ


**200**

പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കിംസ് ഹോസ്പിറ്റലുമായി സഹകരിച്ച്

**144**

പേർക്ക് കൃത്രിമ കാലുകൾ വിതരണം ചെയ്തു.








# COMMUNITY **EMPOWERMENT**



## കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാം




തീരദേശ/മലയോര/പിന്നാക്ക പ്രദേശങ്ങളിലെ സാമൂഹ്യ-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

**കോഴിക്കോട് മെസ്സേജ്**
പീപ്പിൾസ് ഫൗണ്ടേഷന്റെ ഗൈഡൻസോടുകൂടി കോഴിക്കോട് ജില്ലയിലെ തീരദേശ പ്രദേശമായ വെള്ളയിൽ ഈ പദ്ധതി നടപ്പാക്കുന്നു. പ്രദേശത്ത് നേരത്തെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെസ്സേജ് ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്ത്രീകളാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുന്നത്.



**മെസ്സേജിൽ നടന്നുവരുന്ന വിവിധ പദ്ധതികൾ:**
വിദ്യാഭ്യാസം, തൊഴിൽ, പ്രൊഡക്ഷൻ യൂണിറ്റ്, ഭക്ഷണം, ആരോഗ്യം, മാനസികാരോഗ്യം, സ്കിൽ ഡവലപ്മെന്റ് & ട്രെയിനിങ്.

## മറ്റു പദ്ധതി പ്രദേശങ്ങൾ



**സൺറൈസ് കൊച്ചി:**
പശ്ചിമ കൊച്ചിയിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട് പീപ്പിൾസ് ഫൗണ്ടേഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.



**കനിവ്:**
കോഴിക്കോട് ജില്ലയിലെ മലയോര മേഖലയുടെ വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം മേഖലകളുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

PEOPLE'S INITIATIVE



## പ്രളയ പുനരധിവാസം 2018

കേരളത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലുമായി ദുരിതം അനുഭവിച്ച കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരധിവാസത്തിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് പ്രളയ പുനരധിവാസം 2018.



### മീനങ്ങാടി പീപ്പിൾസ് വില്ലേജ്

2021 ഒക്ടോബറിൽ വില്ലേജ് ഗുണഭോക്താക്കൾക്ക് സമർപ്പിച്ചു

ആകെ വീടുകൾ
**06**

ഗുണഭോക്താക്കളുടെ എണ്ണം
**15**

വീടിന്റെ വിസ്തീർണ്ണം
**400**
സ്ക്വയർ ഫീറ്റ്

ആകെ പദ്ധതി ചെലവ്
**37**
ലക്ഷം രൂപ

**പദ്ധതിയുമായി സഹകരിച്ച ഏജൻസി: ഐ.എസ്.ടി ശാന്തപുരം**

## പ്രളയ പുനരധിവാസം 2019

കേരളത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലുമായി ദുരിതം അനുഭവിച്ച കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരധിവാസത്തിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് പ്രളയ പുനരധിവാസം 2019.






### ഭവന മേഖലയിൽ നടപ്പാക്കിയത്

വ്യക്തിഗത വീടുകൾ ആകെ
**74**

പൂർത്തിയാക്കിയത്
**64**

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്
**10**

ഗുണഭോക്താക്കളുടെ എണ്ണം
**370**

## ചാത്തമുണ്ട പീപ്പിൾസ് വില്ലേജ്



2019 ൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമായി വീടും ഉപജീവനവും നഷ്ടപ്പെട്ടവരെ പുനരവധിവസിപ്പിക്കാൻ വേണ്ടി ആവിഷ്കരിച്ചതാണ് ചാത്തമുണ്ട പീപ്പിൾസ് വില്ലേജ് പദ്ധതി. ചാത്തമുണ്ട പഞ്ചായത്ത് പതിനാറാം വാർഡിൽ ആണ് പീപ്പിൾസ് വില്ലേജ് നിർമിച്ചത്.

ആകെ വീടുകൾ

**27**

ഗുണഭോക്താക്കളുടെ എണ്ണം

**94**

ഒരു വീടിന്റെ വിസ്തീർണ്ണം

**535**
സ്ക്വയർ ഫീറ്റ്

ആകെ പദ്ധതി ചെലവ്

**2.20**
കോടി രൂപ





### അനുബന്ധ സംവിധാനങ്ങൾ

കുടിവെള്ള പദ്ധതി, കണക്റ്റ് റോഡ്, കമ്മ്യൂണിറ്റി സെന്റർ, പ്രെയർ ഹാൾ, കളിസ്ഥലം കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ

**പദ്ധതിയുമായി സഹകരിച്ച ഏജൻസി:**
**ഹ്യൂമൻ വെൽഫെയർ ട്രസ്റ്റ് ഡൽഹി ഇംപെക്സ്**

## പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ

കവളപ്പാറയിൽ 10 വീടുകൾ ഉൾക്കൊള്ളുന്ന പീപ്പിൾസ് വില്ലേജ്.

കർണാടകയിലെ കുടകിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 25 വീടുകൾ.

## മേപ്പാടി ഹർഷം പദ്ധതി







2019 ൽ വയനാട് ജില്ലയിലെ മേപ്പാടി പുത്തുമല പ്രദേശത്തുണ്ടായ ഉരുൾപ്പൊട്ടലിനെ തുടർന്ന് ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി വയനാട് ജില്ലാ ഭരണകൂടം തയ്യാറാക്കിയ പദ്ധതിയാണ് ഹർഷം പദ്ധതി. ഈ പദ്ധതിയിൽ ഗവൺമെന്റ് ഗുണഭോക്താക്കൾക്ക് നൽകിയ ഭൂമിയിലാണ് പീപ്പിൾസ് ഫൗണ്ടേഷൻ വീടുകൾ നിർമിച്ചു നൽകിയത്.

ആകെ വീടുകൾ

**10**

ഗുണഭോക്താക്കളുടെ എണ്ണം

**40**


ഗവൺമെന്റ് വിഹിതം
ഒരു വീടിന്

**ഭൂമി+4** ലക്ഷം രൂപ

പീപ്പിൾസ്ഫൗണ്ടേഷൻ വിഹിതം

**46.5** ലക്ഷം രൂപ

## പ്രളയ പുനരധിവാസം 2021




2021 ൽ കോട്ടയം കൂട്ടിക്കലിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് ദുരിതബാധിതരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച പദ്ധതി.

കുടുംബങ്ങൾക്ക്

**15.01**

ലക്ഷം രൂപ വില വരുന്ന വീട്ടുപകരണങ്ങൾ നൽകി.

പ്രളയത്തിൽ തകർന്ന 110 ചെറുകിട കച്ചവടക്കാർക്ക് സ്ഥാപനം പുനരുദ്ധീകരിക്കുന്നതിനായി

**38.9**

ലക്ഷം രൂപ ധനസഹായമായി നൽകി.

# Covid -19



## കോവിഡ് ബെഡ് പ്രോജക്റ്റ്





കോവിഡ് വ്യാപനം കാരണം രോഗികൾക്ക് ആവശ്യമായ ചികിത്സകൾ ലഭ്യമാക്കാൻ സംസ്ഥാനത്ത് സംവിധാനങ്ങൾ തികയാതെ വന്നപ്പോൾ പീപ്പിൾസ് ഫൗണ്ടേഷനുമായി സഹകരിക്കുന്ന ഹോസ്പിറ്റലുകളുമായി ചേർന്ന് നടപ്പാക്കിയ പദ്ധതിയാണ് കോവിഡ് ബെഡ് പദ്ധതി. കോവിഡ് രോഗികളെ പൂർണാർഥത്തിൽ ചികിത്സിക്കാനുള്ള സംവിധാനങ്ങളെ സജ്ജമാക്കുന്നതായിരുന്നു പദ്ധതി.

| പദ്ധതി നടപ്പിലാക്കിയ ഹോസ്പിറ്റലുകൾ |
|---|
| കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ശാന്തി ഹോസ്പിറ്റൽ |
| തൃശ്ശൂർ ജില്ലയിലെ പെരുമ്പിലാവ് അൻസാർ ഹോസ്പിറ്റൽ |
| ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഹുദ ട്രസ്റ്റ് ഹോസ്പിറ്റൽ |

### പദ്ധതി വിവരങ്ങൾ

സജ്ജീകരിച്ച ബെഡുകളുടെ എണ്ണം
**300**

ചിലവഴിച്ച തുക
**2.70** കോടി രൂപ

ചികിത്സ ലഭ്യമാക്കിയ രോഗികളുടെ എണ്ണം
**1080**

ചികിത്സ ഇനത്തിൽ രോഗികൾക്ക് മറ്റ് സ്കീമുകളിലൂടെ ലഭിച്ച ആനുകൂല്യം
**44.43** ലക്ഷം രൂപ

രോഗികൾക്ക് ഇൻഷുറൻസ് സ്കീമിലൂടെ ലഭിച്ച ആനുകൂല്യം
**2.77** കോടി രൂപ

## കോവിഡ് ചികിത്സാ സഹായം



കോവിഡ് 19 രോഗബാധിതരായി പ്രയാസപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സാ സഹായം നൽകി

സഹായം നൽകിയവരുടെ എണ്ണം
**22**

ചിലവഴിച്ച തുക
**6.25** ലക്ഷം രൂപ

## പ്രവാസി സുരക്ഷാ പദ്ധതി



വീട്, വിദ്യാഭ്യാസം, തൊഴിൽ, കടം തുടങ്ങിയ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാതെ, പ്രവാസലോകത്ത് കോവിഡ് മൂലം കുടുംബനാഥൻ മരണപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ഫൗണ്ടേഷൻ **തണലൊരുക്കാം ആശ്വാസമാകാം** എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി സുരക്ഷാ പദ്ധതി.



## പദ്ധതി വിവരങ്ങൾ

പദ്ധതിയുടെ ഗുണഭോക്താക്കൾ
**59**
കുടുംബങ്ങൾ

ചിലവഴിച്ച തുക
**3.10**
കോടി രൂപ

മേഖലകൾ

വീട്
കടബാധ്യത
സ്വയംതൊഴിൽ
സ്ഥലം വാങ്ങുന്നതിന്
സ്കോളർഷിപ്പ്
മാസാന്ത പെൻഷൻ





# Seasonal Project



## സീസണൽ പ്രൊജെക്ടുകൾ

റമദാൻ, പെരുന്നാൾ, ഓണം തുടങ്ങിയ അവസരങ്ങളിൽ സമൂഹത്തിലെ നിർധനരായ കുടുംബങ്ങൾക്ക് ആഘോഷ ദിവസത്തേക്കുള്ള ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.




### റമദാൻ കിറ്റ് (2021)

കിറ്റുകളുടെ എണ്ണം
**15395**
കുടുംബങ്ങൾ

ചിലവഴിച്ച തുക
**1.22**
കോടി രൂപ

### ഈദുൽ ഫിത്ര്‍ (2021)

കിറ്റുകളുടെ എണ്ണം
**15242**
കുടുംബങ്ങൾ

ചിലവഴിച്ച തുക
**48.01**
ലക്ഷം രൂപ



### ഇഫ്താർ കിറ്റ് (2022)

കിറ്റുകളുടെ എണ്ണം
**15525**
കുടുംബങ്ങൾ

ഒരു കിറ്റിന് ചെലവായ തുക
**1000**
രൂപ

### സ്കൂൾ കിറ്റ്

കിറ്റുകളുടെ എണ്ണം
**950**
കുടുംബങ്ങൾ

ചെലവായ തുക
**03**
ലക്ഷം രൂപ



### ബലി പെരുന്നാൾ

ഉദ്ഹിയ്യത്തിനായി

**131**
മാടുകൾ

**47**
ആടുകൾ



INFACC
SUSTAINABLE DEVELOPMENT SOCIETY



## INFACC നു കീഴിലുള്ള വിവിധ സൊസൈറ്റികൾ നടത്തിയ പ്രോഗ്രാമുകൾ

| SL NO | Programme | Numbers |
|---|---|---|
| 1 | തൊഴിൽ പരിശീലനം | 2 |
| 2 | മെഡിക്കൽ ക്യാമ്പ് | 5 |
| 3 | ഡ്രൈവിംഗ് പരിശീലനം | 1 |
| 4 | തൊഴിൽ സംരംഭങ്ങൾ | 7 |
| 5 | ഹൈ ടെക് ഫാർമിംഗ് | 1 |
| 6 | വനിതാ ഡേ സ്പെഷ്യൽ പ്രോഗ്രാം | 5 |
| 7 | പുരയിട കൃഷി | 8 |
| 8 | വിപണന മേള | 5 |
| 9 | പഠനോപകരണ വിതരണം | 9 |
| 10 | കരിയർ ഗൈഡൻസ് | 3 |
| 11 | ഓണം സ്പെഷ്യൽ പ്രോഗ്രാം | 6 |
| 12 | എഡ്യൂക്കേഷൻ അവാർഡ്സ് | 6 |
| 13 | പരിസ്ഥിതി ദിന പ്രോഗ്രാം | 10 |
| 14 | മറ്റു പ്രോഗ്രാമുകൾ | 15 |

## സ്വയം തൊഴിൽ പദ്ധതി

ഇൻഫാക്, ബൈത്തുസക്കാത്ത്, പീപ്പിൾസ് ഫൗണ്ടേഷൻ എന്നിവ ചേർന്ന് സംയുക്തമായി അയൽകൂട്ടം അംഗങ്ങൾക്ക് നൽകുന്ന സ്വയം തൊഴിൽ പദ്ധതിയാണിത്. പ്രോജക്ടിന്റെ 25% (1 ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകുകയും 65% സൊസൈറ്റികൾ സ്പെഷ്യൽ ലോണായും അനുവദിക്കും. 10% സംരംഭകർ സ്വന്തമായി വഹിക്കണം.

| NO of projects | Total capital | Own contribution | loan (NGO) | B.Z -INFACC (Subsidy) |
|---|---|---|---|---|
| 29 | 54,12,000.00 | 14,56,000.00 | 27,36,750.00 | 12,15,000.00 |

## എൻ.ജി.ഒ

| District | NGO |
|---|---|
| Kasaragod | 8 |
| Kannur | 20 |
| Kozhikode | 32 |
| Malappuram | 86 |
| Wayanad | 03 |
| Palakkad | 13 |
| Thrissur | 23 |
| Ernakulam | 17 |
| Alappuzha | 04 |
| Kottayam | 03 |
| Pathanamthitta | 01 |
| Idukki | 01 |
| Kollam | 04 |
| Thiruvananthapuram | 05 |
| **Total** | **220** |









ഈ കാലയളവിലെ പ്രധാന പ്രോഗ്രാമുകളിലൊന്നായ എൻ.ജി.ഒ നേതൃസംഗമം സംസ്ഥാനത്തെ 07 കേന്ദ്രങ്ങളിലായി നടന്നു. തിരുവനന്തപുരം മുതൽ ആലപ്പുഴ വരെ ഓൺലൈൻ വഴി ചേർന്നു

| NO | Venue | Concerened District |
|---|---|---|
| 1 | Aluva Hira | Ernakulam |
| 2 | Ansar Perumblavu | Thrissur, Palakkad |
| 3 | Tirur TIC | Malappuram |
| 4 | Mubarak School, Manjeri | Malappuram |
| 5 | Irshadiya, Petta | Kozhikkode, Malappuram |
| 6 | Vidhyarthi Bhavanam | Kozhikkode, wayanad |
| 7 | Unity Centre Kannur | Kannur, Kasaragod |
| 8 | Online | Other |

## സൊസൈറ്റി രൂപീകരണം

**21**
പുതിയ സൊസൈറ്റികൾ രൂപീകരിച്ചു

**600**
അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു



## സംരംഭകത്വ പരിശീലനം

അയൽക്കൂട്ടം അംഗങ്ങൾക്കുവേണ്ടി തിരൂർ ടി.ഐ.സി, വിദ്യാർഥി ഭവനം കോഴിക്കോട്, കണ്ണൂർ യൂണിറ്റി സെന്റർ, കൊണ്ടോട്ടി ഫേസ് മർകസ്, ആലുവ ഹിറ  എന്നിവിടങ്ങളിൽ സംരംഭകത്വ പരിശീലന കോഴ്സ് സംഘടിപ്പിച്ചു.







# People's Palliative



## പാരാപ്ലീജിയ




നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായ പാരാപ്ലീജിയ രോഗികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഫൗണ്ടേഷൻ ഈ പദ്ധതി നടപ്പാക്കുന്നത്.
തൊഴിൽ പരിശീലനം, ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് പദ്ധതി പ്രധാനമായും ലക്ഷ്യം വെക്കുന്നത്.

ആകെ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആളുകൾ
**700**



തൊഴിൽ പരിശീലന ക്യാമ്പ്
**01**

പങ്കെടുത്ത ആളുകളുടെ എണ്ണം
**10**

പങ്കെടുത്തവരിൽ
**09**
പേരുടെയും തൊഴിൽപരമായ ആവശ്യങ്ങൾ പരിഹരിച്ചു.





# DE-ADDICTION CENTRE



## ഡി അഡിക്ഷൻ ക്യാമ്പ്




സ്ഥലം: മലപ്പുറം ജില്ലയിലെ പറപ്പൂർ
കാലപരിധി: 21 ദിവസം
പങ്കെടുത്തവർ 24
പ്രധാനപരിപാടികൾ:
ബോധവൽക്കരണ ക്ലാസുകൾ, ധാർമിക പഠന ക്ലാസുകൾ, ഫാമിലി കൗൺസലിംഗ്, കൗൺസലിംഗ്, എക്സ്പേർട്സ് മീറ്റ്, ഫാമിലി മീറ്റുകൾ, സർവ്വേ, ഫീൽഡ് സ്റ്റഡി, ഫോളോഅപ്പ്, റിഹാബിലിറ്റേഷൻ.

## ഡി അഡിക്ഷൻ സെന്റർ




കോഴിക്കോട് ജില്ലയിലെ താമരശ്ശേരി കട്ടിപ്പാറ പ്രദേശത്ത് 10 ഏക്കർ ഭൂമി ഫൗണ്ടേഷന്റെ പേരിൽ രജിസ്റ്റർ ചെയ്തു. മാസ്റ്റർ പ്ലാൻ തയ്യാറായി.
ആദ്യ ഘട്ടം 2022-2023 പ്രവർത്തന വർഷം അവസാനിക്കുന്നതിനു മുമ്പ് പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെ മുന്നോട്ട് പോവുന്നു.
ഫാമിലി വെൽഫെയർ സെന്റർ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും.



ASWAS COUNSELLING



# ആശ്വാസ് കൗൺസലിംഗ് സെന്റർ

വ്യക്തികളും കുടുംബങ്ങളും കരുതൽ തേടുന്ന കാലത്ത് മാനസികാരോഗ്യ മേഖലക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഫാമിലി കൗൺസലിംഗ്, പ്രീ മാരിറ്റൽ-പോസ്റ്റ് മാരിറ്റൽ കൗൺസലിംഗ്, പാരന്റിംഗ്, എഡ്യൂക്കേഷണൽ ഗൈഡൻസ്, ജനറൽ കൗൺസലിംഗ് പ്രവർത്തനങ്ങൾക്കായി ആശ്വാസ് കൗൺസലിംഗ് സെന്ററുകൾ അഞ്ചു ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു.


**05** സെന്ററുകൾ പ്രവർത്തിക്കുന്നു

സമഗ്രകാഴ്ചപ്പാടോടെ ഫാമിലി സെന്റർ ഉടൻ ആരംഭിക്കുന്നു.





PEOPLE'S DRINKING WATER



# പീപ്പിൾസ് കുടിവെള്ള പദ്ധതി

ചേരികൾ, തീരദേശം, മലയോരം തുടങ്ങി കുടിവെള്ളം കിട്ടാക്കനിയായ മേഖലകളിൽ പ്രാദേശിക സഹകരണത്തോടെ ശുദ്ധജലം എത്തിക്കുന്ന പ്രോജക്ട്.


യാഥാർഥ്യമായത്
**12**
പ്രോജക്ടുകൾ

**600+**
ഗുണഭോക്താക്കൾ






# Internship



## ഇന്റേൺഷിപ്പ്

പീപ്പിൾസ് ഫൗണ്ടേഷന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിന് വിദ്യാർഥികൾക്കും സന്നദ്ധ പ്രവർത്തകർക്കും അവസരം നൽകി.

ബാച്ചുകൾ
**05**

പങ്കാളിത്തം
**30**








# സ്നേഹസ്പർശം

രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ ടെലിവിഷൻ പരിപാടിയിലൂടെ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയും അതുവഴി അവരുടെ ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതാണ് പദ്ധതി.


| | |
|---|---|
| ഗുണഭോക്താക്കൾ | 81 |
| അനുവദിച്ച തുക | 62.5 ലക്ഷം രൂപ |

| പ്രൊജക്ട് | എണ്ണം | തുക |
|---|---|---|
| തൊഴിൽ | 27 | 19 ലക്ഷം |
| ഭവനം | 16 | 16 ലക്ഷം |
| കടാശ്വാസം | 08 | 6.5 ലക്ഷം |
| ചികിത്സാ സഹായം | 30 | 21 ലക്ഷം |





MANAV मानव
MIGRANT WELFARE FOUNDATION



- ഈ കാലയളവിൽ 15 പുതിയ യൂണിറ്റുകൾ രൂപീകരിച്ചു. ഇതോടെ ആകെ 90 യൂണിറ്റുകൾ നിലവിൽ വന്നു.
- പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വെബ്സൈറ്റ് തയ്യാറാക്കി.
- ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലുള്ള തേയിലത്തോട്ടങ്ങളിലെ ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങളെക്കുറിച്ച് പഠനം നടത്തി. താലൂക്കിലെ 10 എസ്റ്റേറ്റുകളിലായി മാത്രം ആസം, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽനിന്നുള്ള 480 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി. 220 ഓളം ഇതര സംസ്ഥാന കുട്ടികളും എസ്റ്റേറ്റുകളിലെ ലയങ്ങളിലുള്ളതായി കണ്ടെത്തി. ലയങ്ങളിലെ വിദ്യാർഥികളുടെ വിദ്യാഭ്യാസ പ്രശ്നം ഉന്നയിച്ച് ഇടപെടൽ നടത്തി.

## തൊഴിൽ

- കേന്ദ്രസർക്കാർ പദ്ധതിയായ ഇ ശ്രം പോർട്ടലിൽ 750 ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തി.
- മാനവ് ലേബർ ബേങ്ക് സഹായത്തോടെ 80 ഓളം പേർക്ക് തൊഴിൽ നൽകി

## വിദ്യാഭ്യാസം

- എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എപ്ലസ് നേടിയ ബംഗാൾ സ്വദേശിനിയായ രക്ഷത് ഖാത്തൂന് അവാർഡ് നൽകി അനുമോദിച്ചു.
- ഇതര സംസ്ഥാന കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രിക്ക് ഇ മെയിൽ അയച്ചു. ഇടപെടൽ നടത്തി.
- 20 ഇതര സംസ്ഥാന കുട്ടികൾക്ക് വിവിധ സ്കൂളുകളിൽ അഡ്മിഷൻ എടുത്തുനൽകി.
- അമ്മ താരസംഘടന ഓൺലൈൻ പഠന സഹായ പദ്ധതിയിലേക്ക് അപേക്ഷ നൽകി ഇതര സംസ്ഥാന വിദ്യാർഥിക്ക് പഠനാവശ്യത്തിന് ടാബ് ലഭ്യമാക്കി

## മെഡിക്കൽ

- 10 വാക്സിൻ ക്യാമ്പുകളിലായി 1000 പേർക്ക് കോവിഡ് വാക്സിനേഷൻ നൽകി. നാഷണൽ ഹെൽത്ത് മിഷൻ, കിംസ് ഹോസ്പിറ്റൽ എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് വാക്സിനേഷൻ നൽകിയത്.
- ചുമടെടുക്കുന്നതിനിടെ പരിക്കുപറ്റി ചികിത്സയിലായിരുന്ന വ്യക്തികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കി.

## ഭാഷാ/മോറൽ ക്ലാസുകൾ

- 55 മലയാള ഭാഷാ പഠന ക്ലാസുകൾ സംഘടിപ്പിച്ചു.
- ഇതര സംസ്ഥാന തൊഴിലാളികളെ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 60 ജൽസ യൂണിറ്റുകൾ രൂപീകരിച്ചു. 67 മോറൽ ക്ലാസുകൾ ജൽസ യൂണിറ്റുകളിലായി സംഘടിപ്പിച്ചു
- കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ ഇതര സംസ്ഥാന ഇമാമുമാരുടെ ജില്ലാടിസ്ഥാനത്തിലുള്ള യോഗങ്ങൾ സംഘടിപ്പിച്ചു. 70 ഓളം ഇമാമുമാർ പങ്കെടുത്തു.
- പെരുന്നാളിനോടനുബന്ധിച്ച് എടത്തല ക്ലസ്റ്ററിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ഓൺലൈൻ സംഗമം നടത്തി. 35 പേർ പങ്കെടുത്തു.

## ഭക്ഷണം

- സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സൗജന്യ ഭക്ഷ്യകിറ്റിൽ 1900 കിറ്റുകൾ മാനവ് യൂണിറ്റുകളിൽ വിതരണം ചെയ്തു. ഭക്ഷ്യകിറ്റ് ലഭിക്കാതിരുന്ന കുടുംബങ്ങൾക്ക് ലേബർ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് കിറ്റുകൾ എത്തിച്ചു നൽകി.
- ആലുവ അസി. ലേബർ ഓഫീസറോടൊപ്പം സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തി.

## സർക്കാർ-സർക്കാരേതര സംവിധാനങ്ങളുമായുള്ള സഹകരണം

- കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമമായി നടത്തിപ്പിന് വേണ്ടി സംസ്ഥാന ക്ഷേമനിധി വകുപ്പ് വിളിച്ചു ചേർത്ത സന്നദ്ധ സംഘടനകളുടെ യോഗത്തിൽ പങ്കെടുത്തു. ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട മാനവ് ഫൗണ്ടേഷന്റെ നിർദേശങ്ങൾ ഉൾപ്പെടുത്തി ബോർഡ് ചെയർമാന് കത്ത് നൽകി.
- ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ അരണക്കൽ ഗവ. സ്കൂളിൽ ചേർന്ന യോഗത്തിൽ മാനവ് കോർഡിനേറ്റർ പങ്കെടുത്തു.
- എറണാകുളം ജില്ലാ ലേബർ ഓഫീസർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ തുടങ്ങിയവർ നടത്തിയ ലേബർ ക്യാമ്പ് സന്ദർശനത്തിൽ മാനവ് കോഡിനേറ്റർ പങ്കെടുത്തു.

بيت الزكاة كيرلا

ബൈത്തുസ്സകാത്ത് കേരള

BAITHUZZAKATH KERALA



## സ്വയംതൊഴിൽ

| | |
|---|---|
| ഗുണഭോക്താക്കൾ | 136 |
| അനുവദിച്ച തുക | 1,28,79,348 രൂപ |

## ഇൻഫാഖുമായി സഹകരിച്ചുള്ള സ്വയംതൊഴിൽ പദ്ധതി

| | |
|---|---|
| ഗുണഭോക്താക്കൾ | 26 |
| അനുവദിച്ച തുക | 12,15,000 രൂപ |

## പീപ്പിൾസ് സ്റ്റാർട്ടപ്പ് സ്കീമുമായി സഹകരിച്ചുള്ള സ്വയംതൊഴിൽ പദ്ധതി

| | |
|---|---|
| ഗുണഭോക്താക്കൾ | 56 |
| ആകെ നിക്ഷേപം | 1.87 കോടി രൂപ |






# ഭവന സഹായം

| | | | |
|---|---|---|---|
| അനുവദിച്ച ഭവനങ്ങൾ | 245 | ഗുണഭോക്താക്കൾ | 980 |

| | |
|---|---|
| അനുവദിച്ച തുക | 2,41,15,000 രൂപ |







## ചികിത്സ സഹായം

| | |
|---|---|
| ഗുണഭോക്താക്കൾ | 341 |
| ബൈത്തുസ്സകാത്ത് കേരള | 317 |
| വിവിധ ഏജൻസികൾ | 24 |
| ആകെ അനുവദിച്ച തുക | 67,79,000 രൂപ |
| ബൈത്തു സ്സകാത്ത് കേരള | 61,79,000 രൂപ |
| വിവിധ ഏജൻസികൾ | 6,00,000 രൂപ |

## റേഷൻ/പെൻഷൻ

| | |
|---|---|
| ഗുണഭോക്താക്കൾ | 26 |
| അനുവദിച്ച തുക | 3,90,000 രൂപ |

## കടാശ്വാസം

| | |
|---|---|
| ഗുണഭോക്താക്കൾ | 47 |
| അനുവദിച്ച തുക | 24, 90,000 രൂപ |

## പുത്തുമല ഹർഷം പദ്ധതി
## പീപ്ൾസ് ഫൗണ്ടേഷൻ വീടുകൾ കൈമാറി

## പുത്തുമല പുനരധിവാസം 10 വീടുകൾ 7ന് കൈമാറും

## റീഹാറ്റ് നിലമ്പൂർ: നിർമാണം പൂർത്തിയായ വീടുകൾ നാളെ സമർപ്പിക്കും

● പതിമൂന്ന് വീടുകളുടെ താക്കോൽദാനവും 25 വീടുകൾക്കുള്ള അധിക ധനസഹായ പ്രഖ്യാപനവുമാണ് നടക്കുക

## സ്നേഹത്തണലായി പീപ്ൾസ് വില്ലേജ് സമർപ്പിച്ചു



## പുത്തുമല പുനരധിവാസം: പീപ്ൾസ് ഫൗണ്ടേഷൻ നിർമിച്ച പത്ത് വീടുകൾ ഏഴിന് കൈമാറും



## 'തണലൊരുക്കാം ആശ്വാസമേകാം' പീപ്ൾസ് ഫൗണ്ടേഷൻ പുനരധിവാസ പദ്ധതി ഉദ്ഘാടനം ചെയ്തു

## പീപ്പിൾസ് ഭവനപദ്ധതിയിലെ ആദ്യവീട് സമർപ്പിച്ചു

## പ്രളയ പുനരധിവാസം: റീഹാറ്റ് നിലമ്പൂർ പദ്ധതി പുരോഗമിക്കുന്നു

● ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടി ആരംഭിച്ചു. താൽപര്യമുള്ള വർക്ക് അപേക്ഷിക്കാം

## വ്യാപാരികൾക്ക് കൈത്താങ്ങായി പീപ്പിൾസ് ഫൗണ്ടേഷൻ

● കുട്ടിക്കലിൽ നാലാംഘട്ട പുനരധിവാസ സഹായം നൽകി



പീപ്പിൾസ് ഫൗണ്ടേഷൻ കുട്ടിക്കലിൽ സംഘടിപ്പിച്ച സഹായ വിതരണ സമ്മേളനം ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്യുന്നു



കരുവാരകുണ്ട് പീപ്ൾസ് വില്ലേജിന്റെ താക്കോൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ എം.ഐ അബ്ദുൽ അസീസ് പ്രോജക്ട് കൺവീനർ എൻ. അബ്ദുൽ നാസറിന് കൈമാറുന്നു

## കരുവാരകുണ്ടിൽ പീപ്ൾസ് വില്ലേജ് സമർപ്പിച്ചു

## ശ്രീകണ്ഠപുരം പീപ്പിൾസ് വില്ലേജ് ഉദ്ഘാടനം 12ന്

● 11 കുടുംബങ്ങളുടെ വീടെന്നസ്വപ്നം യാഥാർഥ്യമാകുന്നു

**കണ്ണൂർ:** ശ്രീകണ്ഠപുരം പീപ്പിൾസ് വില്ലേജിന്റെ ഉദ്ഘാടനവും രണ്ടാംഘട്ട പദ്ധതിപ്രഖ്യാപനവും മാർച്ച് 12ന് നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വൈകീട്ട് നാലിന് ശ്രീകണ്ഠപുരത്ത് നടക്കുന്ന ചടങ്ങിൽ ...

...മാൻ താക്കോൽ കൈമാറും. രണ്ടാം ഘട്ട പദ്ധതിയുടെ പ്രഖ്യാപനം ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ ടി. ആരിഫലി നിർവഹിക്കും. ശ്രീകണ്ഠപുരം നിടിയേങ്ങ വില്ലേജിലെ കമ്പാരിയിലുള്ള ഒരേക്കർ ഭൂമിയിലാണ് 11 കുടുംബങ്ങൾക്ക് വീടുകൾ നിർമിച്ചുനൽകുന്നത്. ഒരു വ്യക്തി ദാനമായി നൽകിയ ഭൂമിയിലാണ് വീടുകൾ പണിതത്. 2020 സെപ്റ്റംബർ 10ന് കോവിഡ് ...

Mathrubhumi മാതൃഭൂമി

## പീപ്പിൾസ് ഫൗണ്ടേഷൻ വീടുകളുടെ സമർപ്പണം

**എടക്കര ▸** റീഹാറ്റ് പദ്ധതിയുടെ ഭാഗമായി ചാത്തംമുണ്ടയിൽ പീപ്പിൾസ് ഫൗണ്ടേഷൻ പണിത വീടുകളുടെ സമർപ്പണം ഞായറാഴ്ച മന്ത്രി വി. അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്യും. നിലമ്പൂരിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭവനരഹിതർക്കാണ് 27 വീടുകൾ പണിതുനല്കുന്നത്.

...ലസ്റ്റ് വാങ്ങിയ ഒരേക്കർ 75 സെന്റ് സ്ഥലത്താണ് വീടുകൾ പണിതത്. വൈകീട്ട് നാലിന് നടക്കുന്ന ചടങ്ങിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, പി.വി. അബ്ദുൾവഹാബ് എം.പി., പി.വി. അൻവർ എം.എൽ.എ. തുടങ്ങിയവർ പങ്കെടുക്കും...


Let's transform the lives..

Let’s transform the lives..

PEOPLE’S FOUNDATION

26/1168 A, Ponmuliparambu, Kottooli P.O, Arayidathupalam,
Mavoor Road, Kozhikode -16,
Phone: 0495 274 3701, Mob: 9846888700
E-mail: info@peoplesfoundation.org
Web: www.peoplesfoundation.otg